**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 772** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>കാപ്പുകാട്-ആമല ഉന്നതി റോഡ് നിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ജി. സ്റ്റീഫൻ

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** അരുവിക്കര നിയോജക മണ്ഡലത്തിലെ കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിൽ പട്ടികവർഗ്ഗ വകുപ്പ് ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന കാപ്പുകാട്-ആമല ഉന്നതി റോഡിന്റെ നിർമ്മാണപ്രവർത്തനങ്ങൾ നാളിതുവരെ ആരംഭിച്ചിട്ടില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാലതാമസം കൂടാതെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കാപ്പുകാട്-ആമല ഉന്നതി റോഡിന്റെ നിർമ്മാണത്തിനായി 2025-26 വർഷം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽ നിന്നും 1 കോടി രൂപ വിനിയോഗിച്ച് പദ്ധതി നടപ്പിലാക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കുറ്റിച്ചൽ ഗ്രാമപഞ്ചായത്തുമായി 21-02-2026-ന് കരാർ ഉടമ്പടി ഒപ്പ് വെച്ചിട്ടുണ്ട്. പദ്ധതി ആരംഭിക്കുന്നതിനായി നിർമ്മാണ സാമഗ്രികൾ യഥാസ്ഥലത്ത് ലഭ്യമാക്കിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് കർശന നിർദ്ദേശവും നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**